**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5974 **04.11.2016** -ലെ മറുപടിയ്ക്ക്

## സർവ്വകലാശാല വിദ്യാർത്ഥി യൂണിയനുകൾ

*ചോദ്യം*

ശ്രീ. പി. ടി. എ. റഹീം

*ഉത്തരം*

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവിധ സർവ്വകലാശാല വിദ്യാർത്ഥി യൂണിയനുകളിൽ സ്വാശ്രയ കോളേജുകൾ കൂടി ഉൾപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഇത്തരം കോളേജുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടു വരുന്ന പ്രതിനിധികളുടെ എണ്ണം സർക്കാർ, എയ്ഡഡ് കോളേജ് യൂണിയൻ പ്രതിനിധികളെക്കാൾ അധികരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | **കേരള സർവ്വകലാശാല** യിൽ സർവ്വകലാശാല വിദ്യാർത്ഥി യൂണിയനിൽ സ്വാശ്രയ കോളേജുകളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ടു വരുന്ന പ്രതിനിധികളുടെ എണ്ണം അധികരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സ്വാശ്രയ കോളേജുകളിൽ സർവ്വകലാശാല നിർദ്ദേശങ്ങൾക്കനുസരിച്ചാണ് തെരെഞ്ഞെടുപ്പ് നടത്തിവരുന്നത്.<br><br>**എം.ജി. സർവ്വകലാശാല** യിൽ സർവ്വകലാശാല വിദ്യാർത്ഥി യൂണിയനിലേക്ക് തെരെഞ്ഞെടുപ്പ് നടക്കുമ്പോൾ അതിലെ പ്രതിനിധികളെ ഒറ്റമണ്ഡലമായാണ് പരിഗണിക്കുന്നത്.<br><br>**കണ്ണൂർ സർവ്വകലാശാല** യിൽ ഈ സാഹചര്യം നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ഗവ. കോളേജ് - 15 (U.U.C)<br>എയ്ഡഡ് - 17 (U.U.C)<br>അൺ എയ്ഡഡ് - 67 (U.U.C)<br>അഫിലിയേറ്റഡ് കോളേജുകളിൽ സർവ്വകലാശാല നൽകുന്ന മാർഗനിർദ്ദേശപ്രകാരമാണ് ഇലക്ഷൻ നടത്തുന്നത്.<br><br>**കാലിക്കറ്റ് സർവ്വകലാശാല** യിൽ ഇത്തരം സാഹചര്യം നിലവിലുണ്ട്. കൂടാതെ |
| (ബി) | യാതൊരു നിയന്ത്രണവുമില്ലാതെയാണ് പല സ്വാശ്രയ കോളേജുകളിലും തെരഞ്ഞെടുപ്പ് നടക്കുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ? | (ബി) | |

| | | | |
|---|---|---|---|
| | | | പ്രസിഡൻഷ്യൽ രീതിയിലോ പാർലമെന്ററി രീതിയിലോ തെരെഞ്ഞെടുപ്പ് നടത്താൻ ഹൈക്കോടതി അനുവദിച്ചിട്ടുണ്ട്.<br><br>കുസാറ്റ് ശ്രീ ശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല, മലയാള സർവ്വകലാശാല എന്നിവിടങ്ങളിൽ ഇത്തരം സാഹചര്യം നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**